# പ്രസ് റിലീസ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നും നൽകി വരുന്ന വിവിധ സേവനങ്ങൾ ഓൺലൈൻ ആയി നല്കുന്നതിന് വേണ്ടി വികസിപ്പിച്ച സോഫ്റ്റ്‌വെയർ "സുരക്ഷ" യുടെ ആദ്യ ഘട്ട വികസനം പൂർത്തികരിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ട്. സുരക്ഷ സോഫ്റ്റ്‌വെയർ മുഖേന ഇലക്ട്രിക്കൽ സ്കീം അപ്പ്രൂവൽ, പ്രതിഷ്ഠാപനങ്ങളുടെ ഊർജ്ജീകരണ അനുമതി, അഡ്വൈസ് അപ്പ്രൂവൽ, ലൈൻ ക്ലിയറൻസിനുള്ള സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്റ്റാളേഷനുകൾക്കുള്ള മൂല്യനിർണ്ണയം, സോയിൽ റെസിസ്റ്റിവിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാകും.

സുരക്ഷ സോഫ്റ്റ്‌വെയർ മുഖേന പൊതുജനങ്ങൾക്ക് മേൽപ്പറഞ്ഞ സേവനങ്ങൾ ലഭിക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുവാനും ഓഫീസിൽ സന്ദർശിക്കാതെ തന്നെ സർട്ടിഫിക്കറ്റുകളും അംഗീകരിച്ച ഡ്രോയിങ്ങും ലഭ്യമാക്കുവാനും സാധിക്കും. അപേക്ഷകളുടെ സൂക്ഷ്മപരിശോധന ഓൺലൈനായി തന്നെ നടത്തുന്നതിനാലും കത്തിടപാടുകളും മറ്റും ഒഴിവാക്കുന്നതിനാലും സേവനങ്ങൾ കൂടുതൽ വേഗത്തിൽ തന്നെ നൽകുവാൻ കഴിയും.

സോഫ്റ്റ്‌വെയറിന്റെ ഉദ്യോഗിക ഉദ്ഘാടനം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി 03.07.2024 നു ഉച്ചക്ക് 3.30-ന് ബഹു. മന്ത്രിയുടെ ചേംബറിൽ വെച്ച് നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ ശ്രീ.വിനോദ് ജി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീ.രാജേഷ് ബാബു ആർ, അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ഇൻ ചാർജ്) മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സോഫ്റ്റ്‌വെയർ https://ceisuraksha.ceikerala.gov.in/ എന്ന ലിങ്ക് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

**<u>സുരക്ഷ സോഫ്റ്റ്‌വെയറിൽ നിലവിൽ ലഭ്യമായിട്ടുള്ള സേവനങ്ങൾ:</u>**

- ഇലക്ട്രിക്കൽ സ്കീം അപ്പ്രൂവൽ ലഭിക്കുന്നതിനുള്ള അപേക്ഷ
- പ്രതിഷ്ഠാപനങ്ങളുടെ ഊർജ്ജീകരണ അനുമതിക്കുള്ള അപേക്ഷ
- അഡ്വൈസ് അപ്പ്രൂവൽ ലഭിക്കുന്നതിനുള്ള അപേക്ഷ
- ലൈൻ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ
- ഇലക്ട്രിക്കൽ ഇൻസ്റ്റാളേഷനുകൾക്കുള്ള മൂല്യനിർണ്ണയത്തിനുള്ള അപേക്ഷ
- സോയിൽ റെസിസ്റ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ
- കെ-സ്വിഫ്റ്റ് സംവിധാനം മുഖേന അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**